**<u>15 -ാം കേരള നിയമസഭ</u>**

**<u>2 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 939</u>** **<u>26-07-2021 - ൽ മറുപടിയ്ക്ക്</u>**

**<u>ഹൈടെക് വില്ലേജ് ഓഫീസുകൾ</u>**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി.വി. ശ്രീനിജിൻ | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** |
| (എ) | 2021 - 22 വർഷത്തിൽ ഹൈടെക് വില്ലേജ്ഓഫീസുകളാക്കാൻ തീരുമാനിച്ച വില്ലേജുകളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ആധുനീകരിക്കുന്നതിന്റെ ഭാഗമായിട്ടാണ് സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. 2021-22 വർഷത്തിൽ 40 സ്മാർട്ട് വില്ലേജ് ഓഫീസുകൾ നിർമ്മിക്കുന്നതിനായി 1760 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്കായി വില്ലേജുകളെ തിരഞ്ഞെടുക്കുന്ന കാര്യം പരിശോധിച്ച് വരുന്നു. |
| (ബി) | ഹൈടെക് വില്ലേജ്ഓഫീസുകളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടു കൂടി വില്ലേജ് ആഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെ വച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ ഒരുക്കുന്നത്. സ്മാർട്ട് വില്ലേജ് ഓഫീസികളിൽ നിന്നും ലഭിക്കുന്ന സേവനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 1. ഇ-ഡിസ്ട്രിക്ട് വില്ലേജ് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് ആവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്. 2. ആർ.ആർ. ഓൺലൈൻ റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ്‌ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ബന്ധിപ്പിക്കുന്ന പദ്ധതിയാണ് |

| | | | |
|---|---|---|---|
| | | | ആർ.ആർ.ഓൺലൈൻ. 3. സംയോജിത ഓൺ ലൈൻ പോക്കുവരവ് (Online Mutation) ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും, സുതാര്യമായും, കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്. 4. ഇ-പെയ്മെന്റ് സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പെയ്മെന്റുകളും ഓൺലൈൻ വഴി ഒടുക്കുന്നതിനുള്ള ഇ പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 5. ഇ-പോസ് ഡിജിറ്റൽ പണമിടപാട് പ്രോത്സാഹിപ്പിക്കുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി റവന്യൂ വകുപ്പിലെ എല്ലാ വില്ലേജ് ഓഫീസുകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിച്ച് വിവിധ തരത്തിലുള്ള നികുതികൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ